**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1934** **20-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൂളക്കടവിലെ കളിസ്ഥല നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൂളക്കടവിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൂളക്കടവിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി 14.02.2024 ലെ സ.ഉ.(സാധാ)നം.40/2024/കാ.യു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാ കളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഏത് ഏജൻസി/വകുപ്പ് ആണ് പദ്ധതിയുടെ തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്നും പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൂളക്കടവിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി 14.02.2024 ലെ സ.ഉ.(സാധാ)നം.40/2024/കാ.യു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള |

| | | | |
|---|---|---|---|
| | | | ഫൗണ്ടേഷനാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാ കളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ